കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ(എബി)വകുപ്പ് -കൊച്ചി നഗരസഭ,ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) 20-ാമത് റിപ്പോർട്ട് ഖണ്ഡിക 186- ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം 3850 /15/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി:23/12/2015

---

പരാമർശം:-
1. കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 12-06-2015 ലെ MOC8./17486/14 നമ്പർ കത്ത്.
2. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 06/04/2015 ലെ L.F 1247/ML2/2015 നമ്പർ കത്ത്.
3. 2000-05 കാലഘട്ടത്തിലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർ ബഹു .മുഖ്യമന്ത്രിയ്ക്ക് നൽകിയ നിവേദനം
4. 17/10/2000 ലെ G.O(RT)No. 4187/2000/LSGD

## <u>ഉത്തരവ്</u>

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) 20- ാമത് റിപ്പോർട്ട് ഖണ്ഡിക 186 പ്രകാരം കൊച്ചി നഗരസഭയിൽ അപകട മരണ ഇൻഷ്വറൻസ് പദ്ധതിക്ക് ചെലവാക്കിയ 35,70,531/-രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുമായി കൂടിയാലോചിച്ചു .സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ അന്തിമ തീരുമാനം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ നിക്ഷിപ്തമാണെന്നും പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

01/03/96- ൽ ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസക്കാരായ 5 വയസ്സിനു മുകളിലുള്ള എല്ലാ പൗരന്മാർക്കും ബാധകമാക്കുന്ന തരത്തിൽ 1.25 രൂപ പ്രീമിയവും , 10,000/- രൂപ ക്ലെയിം തുകയും നൽകുന്ന തരത്തിൽ ഒരു ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിന് കൊച്ചി കോർപ്പറേഷനെ സമീപിക്കുകയുണ്ടായി . ഇതിനുള്ള പ്രീമിയം തുകയായ 7 ലക്ഷം രൂപ നഗരസഭ ഇൻഷ്വറൻസ് കമ്പനിയ്ക്ക് കൊടുക്കുകയുണ്ടായി . എന്നാൽ സർക്കാരിന്റെ <u>10/09/98-ലെ സർക്കുലർ നം. 37804/പി3/98/എൽ.എ.ഡി</u> പ്രകാരം കാമധേനു കന്നുകാലി ഇൻഷ്വറൻസ് ഒഴികെ മറ്റ് യാതൊരു ഇൻഷ്വറൻസ് സ്കീമിലും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കരുത് എന്ന് നിഷ്കർഷിച്ചിരുന്നു . മുൻവർഷം നടപ്പിലാക്കിയ 7 ലക്ഷം രൂപയ്ക്ക് സാധൂകരണം നൽകണമെന്ന് കോർപ്പറേഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു . സർക്കാരിൽ നിന്നും പ്രസ്തുത ചിലവിന് അംഗീകാരം ലഭിക്കുന്നതിന് കാത്തിരിക്കാതെ തുടർ വർഷങ്ങളിലും കോർപ്പറേഷൻ ഇൻഷ്വറൻസ് സ്കീമുമായി മുന്നോട്ടു പോയി.തുടർ വർഷങ്ങളിൽ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും പത്രപ്പരസ്യം മുഖേന ഓഫറുകൾ സ്വീകരിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഇൻഷ്വറൻസ് കമ്പനിയെയാണ് സ്കീം നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്തത് . 1996 മുതൽ 2003 വരെ ടി പദ്ധതിയ്ക്ക് വേണ്ടി 1,02,84,804/- രൂപ ചെലവഴിച്ചിട്ടുണ്ട്

പരാമർശം 4 ലെ സർക്കാർ ഉത്തരവ് പ്രകാരം ആദ്യം ചിലവാക്കിയ 7 ലക്ഷം രൂപയ്ക്ക്

സാധൂകരണം നൽകുകയും മേലിൽ സർക്കാർ അനുമതി കൂടാതെ ഇത്തരം ചിലവിനങ്ങൾ ആവർത്തിക്കരുതെന്ന് അറിയിക്കുകയും ചെയ്തു . പ്രസ്തുത ഉത്തരവ് ലഭിച്ചതിനു ശേഷം കോർപ്പറേഷൻ 50,19,274/- രൂപ പ്രീമിയം ഇനത്തിൽ നൽകിയിരുന്നു 10/09/98- ലെ സർക്കാർ ഉത്തരവ് പ്രകാരം കന്നുകാലി ഇൻഷ്വറൻസ് ഒഴികെയുള്ള ഇൻഷ്വറൻസ് സ്കീമുകൾ ഏറ്റെടുക്കരുതെന്ന് കോർപ്പറേഷന് അറിവുണ്ടായിരുന്നു . അതുകൊണ്ടാണ് ചിലവാക്കിയ 7 ലക്ഷം രൂപയ്ക്ക് സാധൂകരണത്തിനായി സർക്കാരിനെ സമീപിച്ചിരുന്നത് . 17/10/2000- ൽ ഇൻഷ്വറൻസ് സ്കീം തുടരരുത് എന്ന് സർക്കാർ ഉത്തരവ് നൽകിയിരുന്നുവെങ്കിലും അത് വകവയ്ക്കാതെയാണ് കോർപ്പറേഷൻ പദ്ധതിയുമായി മുന്നോട്ടു പോയതും, ഓഡിറ്റ് പരാമർശത്തിൽ കലാശിച്ചതും, നിയമസഭാസമിതിയുടെ തുക തിരിച്ചുപിടിയ്ക്കാനുള്ള തീരുമാനത്തിലെത്തിയതും .

2003-04 കാലത്ത് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കിയ വേളയിൽ നഗരസഭയിലെ സ്ഥിര താമസക്കാരായ 138 ഹതഭാഗ്യരായവരുടെ ആശ്രിതർക്ക് 40,000/- രൂപ വീതം ലഭ്യമാക്കിയതിലൂടെ 35,70,531/- രൂപയുടെ പ്രീമിയം തുക അടച്ചപ്പോൾ ഇൻഷ്വറൻസ് തുക ഇനത്തിൽ 53,51,000/- രൂപ ലഭ്യമാക്കിയിട്ടുണ്ട് എന്നും 1996-97 സാമ്പത്തിക വർഷം മുതൽ 2003-04 സാമ്പത്തിക വർഷം വരെ അപകട മരണ ഇൻഷ്വറൻസ് തുക കൊച്ചി നഗരസഭ ചിലവഴിച്ചതിൽ കേവലം 7 ലക്ഷം രൂപയ്ക്ക് മാത്രമാണ് പരാമർശം 4 പ്രകാരം നാളിതുവരെ സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളത് എന്നും ബാക്കി വരുന്ന 95,84,804/- രൂപയ്ക്ക് കൂടി അനുമതി നൽകി ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് 05/11/2014- ൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ പ്രമേയം പാസ്സാക്കിയിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) 20-ാമത് റിപ്പോർട്ട് ഖണ്ഡിക 186 പ്രകാരം തടസ്സപ്പെടുത്തിയ 35,70,531/-രൂപയും 1996-97 സാമ്പത്തിക വർഷം മുതൽ 2003-04 സാമ്പത്തിക വർഷം വരെ അപകട മരണ ഇൻഷ്വറൻസ് പ്രീമിയം തുക ഇനത്തിൽ കൊച്ചി നഗരസഭ ചിലവഴിച്ച ആകെ 95,84,804/- -(തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എൺപത്തിനാലായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുടെ ചെലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.,
എ.പി.എം.മുഹമ്മദ് ഹനീഷ്,
നഗരകാര്യ വകുപ്പ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ,എറണാകുളം
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം
സെക്രട്ടറി,കൊച്ചി നഗരസഭ
ധനകാര്യ വകുപ്പ് (നം . **DEV-3/371/2015-FIN** )
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ